# പത്രക്കുറിപ്പ്

മുംബൈ ജഹാംഗീർ ആർട്ട് ഗ്യാലറിയിലെ ഒരാഴ്ച നീണ്ടു നിന്ന **'തിബത്ത് സ്വപ്നങ്ങൾ' (Tibet Dreams)** പ്രദർശനത്തിന് ശേഷം സമകാലിക ഇന്ത്യൻ ചിത്രകാരനായ ഫ്രാൻസിസ് കോടംകണ്ടത്തിന്റെ ചിത്രങ്ങൾ ഇനി ആലപ്പുഴയിലേക്ക് സഞ്ചരിക്കും. പതിനാലാമൻ ദലൈ ലാമ നേതൃത്വം നൽകുന്ന തിബത്തൻ ജനതയുടെ സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് അനുകൂലമായിട്ടാണ് ഈ പ്രദർശനം നടത്തപ്പെടുന്നത്.

**'തിബത്ത് സ്വപ്നങ്ങൾ' പ്രദർശനം കൊച്ചി കസ്റ്റംസ് കമ്മീഷണറും 'വാനിഷിംഗ് ഷാംഗ്രീല' (Vanishing Shangrila) എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ ഡോ കെഎൻ രാഘവനും പ്രശസ്ത രാഷ്ട്രീയ കാർട്ടൂണിസ്റ്റായ യേശുദാസനും ചേർന്ന് ആലപ്പുഴയിലെ സിൽവിയാണ്ടർ ഹൗസിലെ സെന്റർ ഫോർ സോഷ്യൽ ആന്റ് പൊളിറ്റിക്കൽ ആർടിൽ 4 മെയ് 2016 (ബുധൻ) രാവിലെ 10 മണിയ്ക്ക് ഉത്ഘാടനം നടത്തും.**

തദവസരത്തിൽ **'റെസിസ്റ്റൻസ് ഇൻ എ നെക്സൽ: എ സ്റ്റഡി ഓഫ് തിബത്തൻ പോയട്രീ ഇൻ ഇംഗ്ലീഷ്' ('Resistance in Exile: A Study of Tibetan Poetry in English')** എന്ന ഗ്രന്ഥത്തിന്റെ പ്രകാശനവും നടത്തപ്പെടുന്നതാണ്. പ്രവാസത്തിലെ തിബത്തൻ കവിതകളുടെ ആധികാരിക പഠനമായ ഈ ഗ്രന്ഥം രചിച്ചത് ഫ്രണ്ട്സ് ഓഫ് തിബത്ത് പ്രവർത്തകനും എറണാകുളം സെ. ആൽബർടസ് കോളജ് ഇംഗ്ലീഷ് അദ്ധ്യാപകൻ ഡോ അപ്പു ജേക്കബ് ജോണാണ്. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത് ദൽഹിയിലെ ഓഥേഴ്സ് പ്രസ് ഗ്രൂപ്പാണ്.

'തിബത്ത് സ്വപ്നങ്ങൾ' പ്രദർശനത്തിന്റെ ക്യുറേറ്ററും കവിയും ഫ്രണ്ട്സ് ഓഫ് തിബത്ത് പ്രവർത്തകനുമായ ശ്രീ. ഈശ്വർ ആനന്ദന്റെ അഭിപ്രായത്തിൽ ഈ "കലാസൃഷ്ടി ഏതാണ്ട് മുപ്പതിൽപ്പരം സ്ഥലങ്ങളിൽ നിന്നും ശേഖരിച്ചവയായിരുന്നു.

തിബത്തിലെ സംസ്ഥാനങ്ങളായ ഉത്സാംഗ്, ഖാം, ആംദോ എന്നീ സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ചതും അവിടങ്ങളിലെ സംസ്ക്കാരങ്ങളെ എടുത്ത് കാട്ടുന്നവയുമാണ്". മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ഓഫ് തിബത്ത് അവതരിപ്പിക്കുന്ന ഈ പ്രദർശനത്തിന്റെ ലക്ഷ്യം തിബത്തിന്റെ സാംസ്കാരിക പഴമ ലോക ശ്രദ്ധയിൽ എത്തിക്കുകയും അതിലൂടെ തിബത്തൻ പ്രശ്നം ജനസമക്ഷം എത്തിക്കുകയെന്നതുമാണ്.

ഫ്രാൻസിസ് കോടംകണ്ടത്ത് ദീർഘ വർഷങ്ങളായി തിബത്ത് സഹയാത്രികനാണ്. ഇന്ത്യയുടെ പല ഭാഗങ്ങളിലും അദ്ദേഹം ചിത്ര പ്രദർശനം നടത്തിയിട്ടുണ്ട്. 'വേൾഡ് തിബത്ത് ഡേ' എന്നറിയപ്പെടുന്ന ദലൈ ലാമയുടെ അറുപത്തിയൊൻപതാം ജന്മദിനത്തിൽ 'തിബത്ത് സ്വപ്നങ്ങൾ' എന്ന കലാരൂപം അദ്ദേഹത്തിന് സമ്മാനിക്കയുണ്ടായി. 2012 നവംബർ 25ന് ദലൈലാമ അദ്ദേഹത്തിന്റെ 'ആർട്ട് ഓഫ് ഹാപ്പിനെസ്' എന്ന പ്രദർശനം കൊച്ചിയിൽ കാണുകയുണ്ടായി. ദലൈ ലാമയുടെ എൺപതാം ജന്മദിനത്തിന് അദ്ദേഹം നിരോധിക്കപ്പെട്ട തിബത്തൻ പതാകയും ദലൈ ലാമയേയും ചേർത്ത് ഒരു ചിത്രം സൃഷ്ടിക്കയുണ്ടായി.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9400354354, 9061354354. ഫാക്സ്: +91. 11.47615142. അല്ലെങ്കിൽ ഈ മെയിൽ - tibetdreams@friendsoftibet.org



His Holiness the XIV Dalai Lama visits Francis Kodankandath's 'Art of Happiness' exhibition organised by Friends of Tibet in Kerala in November 2012.